ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്):

(എ) ചെമ്മീൻ, കണവ, കൂന്തൽ എന്നീ ഇനങ്ങളിൽപ്പെട്ട മത്സ്യങ്ങളാണ് പ്രധാനമായും കയറ്റുമതി ചെയ്യുന്നത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കരിക്കാടി, പൂവാലൻ, നാരൻ എന്നിവയുടെ ഉൽപ്പാദനത്തിൽ കുറവ് വന്നിട്ടുണ്ട്. ഇതിനു കാരണം യന്ത്രവൽകൃത ബോട്ടുകളുടെ അമിതമായ മത്സ്യബന്ധന സമ്മർദ്ദമാണ്.

(സി) കയറ്റുമതി ചെയ്യുന്ന സമുദ്രോൽപ്പന്നങ്ങളുടെ തൂക്കത്തിൽ കഴിഞ്ഞ വർഷങ്ങളിലായി ഏകദേശം 10 ശതമാനത്തിൽ താഴെ കുറവുണ്ടായിട്ടുണ്ട്.

കേന്ദ്ര ജലവിഭവ മന്ത്രാലയത്തിന്റെ ധനസഹായത്തോടെ നദീതട സംഘടന

*18 [520] ശ്രീ. കെ. കെ. ജയചന്ദ്രൻ:
,, എ. സി. മൊയ്തീൻ:
,, മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ജലവിഭവ മന്ത്രാലയത്തിന്റെ ധനസഹായത്തോടെ സംസ്ഥാനത്ത് ഒരു നദീതട സംഘടന (റിവർ ബേസിൻ ഓർഗനൈസേഷൻ) രൂപീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ;

(സി) ജലവിഭവ വികസനത്തിനായി മറ്റെന്തെല്ലാം മാർഗ്ഗങ്ങളാണ് നിർദ്ദേശിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(ഡി) നിർദ്ദേശിക്കപ്പെട്ട മാർഗ്ഗങ്ങളിൽ ഇനിയും നടപ്പിലാക്കാത്തവ ഏതെല്ലാമാണെന്ന് അറിയിക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം.. ജേക്കബ്):

(എ) ഇപ്പോൾ ഇക്കാര്യം പരിഗണനയിലില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ജലവിഭവ വികസനത്തിനായി നദീതടങ്ങളെക്കുറിച്ച് വിശദമായി പഠനം നടത്തുന്നതിനായി ഒരു മാസ്റ്റർ പ്ലാൻ ഉണ്ടാക്കുവാനുള്ള നടപടികൾ എടുത്തിട്ടുണ്ട്. ഇതിൻപ്രകാരം ചാലിയാർ, ഭാരതപ്പുഴ, പെരിയാർ, പമ്പ, അച്ചൻകോവിൽ, കല്ലട, ഇത്തിക്കര, നെയ്യാർ എന്നീ നദീതടങ്ങളെ സംബന്ധിക്കുന്ന പഠനം നടത്താനാണ് ജലസേചന വകുപ്പ് ഉദ്ദേശിക്കുന്നത്. ഇവയിൽ ചാലിയാർ, പെരിയാർ എന്നീ നദീതടത്തെപ്പറ്റി വിശദമായ പഠനം നടത്തിയിട്ടുണ്ട്. കൂടാതെ കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്ററിന്റെ സഹായത്തോടെ നെയ്യാർ ബേസിന്റേയും പമ്പ-അച്ചൻകോവിൽ ബേസിന്റേയും പഠനങ്ങൾ നടന്നുവരുന്നു.

(ഡി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly